# Malayala Manorama

## 18 August 2018

## Kakkanad, Flood Victims, Relief Camps



# ഒന്നര ലക്ഷം പേർ ക്യാംപുകളിൽ

## ആയിരക്കണക്കിനാളുകൾ ഇപ്പോഴും കുടുങ്ങിക്കിടക്കുന്നു

കാക്കനാട് • വെള്ളപ്പൊക്ക ദുരിതബാധിതരായ അൻപതിനായിരത്തോളം പേരെ കൂടി ഇന്നലെ ദുരിതാശ്വാസ ക്യാംപുകളിലേക്കു മാറ്റി.

ഇതോടെ ജില്ലയിൽ ക്യാംപുകളിൽ കഴിയുന്നവരുടെ എണ്ണം ഒന്നര ലക്ഷത്തോളമായി. ഒറ്റപ്പെട്ട പ്രദേശങ്ങളിലെ വീടുകളിലും മറ്റു കെട്ടിടങ്ങളിലുമായി നൂറുകണക്കിനു പേർ ഇപ്പോഴും കുടുങ്ങിക്കിടപ്പുണ്ട്. ഇവരിൽ ഭൂരിഭാഗം പേർക്കും പുറംലോകവുമായി ബന്ധപ്പെടാനാകുന്നില്ല. രക്ഷപ്പെടുത്തി കൊണ്ടുവരുന്നവരെയും വെള്ളം കയറാൻ സാധ്യതയുള്ള മേഖലകളിൽ നിന്നൊഴിപ്പിക്കുന്നവരെയും ദുരിതാശ്വാസ ക്യാംപുകളിലാണ് ആദ്യം എത്തിക്കുന്നത്.

ഇവരിൽ ചിലർ പിന്നീട് ബന്ധുഗൃഹങ്ങളിലേക്കു പോകുന്നുണ്ട്. ഇന്നലെ വൈകിട്ട് എട്ടു വരെയുള്ള കണക്കനുസരിച്ചു ജില്ലയിൽ 416 ദുരിതാശ്വാസ ക്യാംപുകൾ തുറന്നിട്ടുണ്ട്. 41,093 കുടുംബങ്ങളിൽ നിന്നുള്ള 1,42,022 പേരാണ് ക്യാംപുകളിൽ കഴിയുന്നത്. അർധരാത്രിയോടെ ക്യാംപുകളുടെ എണ്ണം കൂട്ടാനിടയുണ്ട്.

വെള്ളം കയറുന്ന പ്രദേശങ്ങളുടെയും ദുരിതബാധിതരുടെയും എണ്ണം കൂടുന്നതനുസരിച്ചാണ് ക്യാംപുകളുടെ എണ്ണവും കൂടുന്നത്. ഒട്ടേറെ ക്യാംപുകളിൽ വെള്ളം കയറിയതിനാൽ പുതിയ സ്ഥലങ്ങളിലേക്കു മാറ്റി. പുതിയ ക്യാംപുകൾ ആവശ്യമായി വന്നാൽ ഉടൻ തുറക്കാനാകും വിധം ഒട്ടേറെ കെട്ടിടങ്ങളാണ് റവന്യു ഉദ്യോഗസ്ഥർ സജ്ജമാക്കിയിട്ടുള്ളത്.

വെള്ളപ്പൊക്ക ദുരിതം കാര്യമായി ബാധിക്കാത്ത പ്രദേശങ്ങളിലാണ് ഇപ്പോൾ ക്യാംപുകൾ തുറക്കുന്നത്. പൊതു കെട്ടിടങ്ങൾ ഇല്ലാത്ത പ്രദേശങ്ങളിൽ ആരാധനാലയങ്ങളോടനുബന്ധിച്ചുള്ള ഹാളുകളും മറ്റും ഇതിനായി ഒരുക്കിയിട്ടുണ്ട്. പറവൂരിലാണ് ഏറ്റവും കൂടുതൽ ദുരിതാശ്വാസ ക്യാംപുകളുള്ളത്.

ആലുവ, കണയന്നൂർ, മൂവാറ്റുപുഴ, കോതമംഗലം, കുന്നത്തുനാട്, കൊച്ചി താലൂക്കുകളിലും ഒട്ടേറെ ക്യാംപുകൾ തുറന്നിട്ടുണ്ട്. രക്ഷപ്പെടുത്താൻ അവശേഷിക്കുന്നവരുടെ കണക്കെടുക്കാൻ നിർവാഹമില്ലെന്നാണ് അധികൃതർ പറയുന്നത്. ഫോണിലൂടെ എത്തുന്ന സഹായാഭ്യർഥന കണക്കാക്കിയാൽ തന്നെ കുടുങ്ങിക്കിടക്കുന്നവരുടെ എണ്ണം ആയിരത്തിനു മുകളിലാണ്. ചിലർ കുടുങ്ങിക്കിടക്കുകയാണോ ദുരിതാശ്വാസ ക്യാംപുകളിലാണോ എന്നു പോലും നിശ്ചയമില്ലാത്ത അവസ്ഥയുണ്ട്. വെള്ളം കയറി ഗതാഗതം തടസ്സപ്പെട്ടിരിക്കുന്നതിനാൽ പല ക്യാംപുകളിലേക്കും ബന്ധുക്കൾക്ക് അന്വേഷിച്ചെത്താനും കഴിയുന്നില്ല. മൊബൈൽ ഫോണുകൾ ഓഫാണെന്നതിനാൽ രക്ഷപ്പെട്ടെത്തുന്നവർക്കു ബന്ധുക്കളെ വിളിക്കാനും കഴിയുന്നില്ല.